മിസ്റ്റർ പി. വി. റാഫേൽ.—വിശദമായി പറയാൻ സാധിക്കയില്ല. നോട്ടീസു വേണം.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈഴവർ നടക്കുന്ന പൊതുറോഡുകളിൽകൂടി പുലയരേയും നടക്കുവാൻ അനുവദിക്കുന്നില്ലേ?

മിസ്റ്റർ പി. വി. റാഫേൽ.—ചിലയിടത്തു നടന്നു കണ്ടിട്ടുണ്ട്. ചിലയിടത്തു നടക്കുന്നില്ല.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഈ ഭാഗത്തെവഴിനടക്കുവാൻ പണം ചിലവാക്കുന്നതാരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—ദേവസ്വത്തിൽനിന്നു് ചെയ്തിട്ടുണ്ടോ എന്നറിയുകയില്ല. പഞ്ചായത്തിൽനിന്നൊന്നും ചെയ്യുന്നില്ല.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ആ വഴി വെട്ടിച്ചിട്ടുള്ളതാരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—പഴയകാലം മുതൽക്കേയുള്ളതാണ്.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—അവിടെ maintain ചെയ്യുന്നതു് ദേവസ്വക്കാരോ, പഞ്ചായത്തുകാരോ ആരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—യാതൊരു maintenance-ും ഞങ്ങൾ ചെയ്യുന്നില്ല. ഏകദേശം നാഴികയോളം ദൂരമുള്ള ഒരു വഴിയാണതു്. പത്തുമുപ്പതു രൂപാമാത്രമെ അവിടെ ചിലവുചെയ്തിട്ടുള്ളുവെന്നാണു് അറിവു്.

മിസ്റ്റർ എം. കെ. രാമൻ.—ശവമ്മെൻറുദ്യോഗസ്ഥന്മാരിൽ വല്ലവരും ആ വഴിയിൽകൂടി നടക്കുവാൻപാടില്ലെന്നു് തടഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—നോട്ടീസുവേണം.

മസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ സംഗതിയിൽ പറയുന്ന ഭാഗത്തിനു് നിയമം മൂലം എന്തെങ്കിലും രക്ഷകിട്ടണമെന്നു് ആവശ്യപ്പെട്ടാൽ ചെയ്തുകൊടുക്കുമോ?

മിസ്റ്റർ പി. വി. റാഫേൽ.—ഇതുവരെ ആരും ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാൽ വേണ്ടതുചെയ്യാം.

Punkah peons—Depressed Classes among.

256. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) ഫർണിച്ചർ-ൽ പങ്കാപായികളായി ആകെ സ്റ്റോറിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു്;

(ബി) അതിൽ അധഃകൃതർ എത്രയുണ്ടു്?

രാമവമ്മതമ്പുരാൻ.—(എ) ശവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിടത്തോളം ആരേയും നിയമിച്ചിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly